**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1552** **12-02-2025 - ൽ മറുപടിയ്ക്ക്**

**എം.എൻ. ലക്ഷം വീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള എം.എൻ. ലക്ഷം വീടുകൾ അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ എം. എൻ. ലക്ഷം വീട് പുനരുദ്ധാരണത്തിനായി എം.എൻ സുവർണ്ണ ഭവനം, എം. എൻ. നവയുഗ എന്നീ രണ്ടു പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ യഥാക്രമം 350-ഉം, 133-ഉം വീടുകൾ പുനർനിർമ്മിക്കുന്നതിനായി അനുമതി നല്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ പദ്ധതികളിലുൾപ്പെടുത്തി അരുവിക്കര നിയോജക മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള എം. എൻ. ലക്ഷം വീടുകൾ പുനർ നിർമ്മിക്കുന്നത് പരിഗണിക്കാവുന്നതാണ്. |
| (ബി) | എം.എൻ. ലക്ഷം വീട് നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | എം. എൻ. ലക്ഷം വീട് നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>ലക്ഷം വീട് ബമ്പർ ലോട്ടറിയുടെ അറ്റാദായം വിനിയോഗിക്കുന്ന പദ്ധതി.</u><br><br>എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നിർമ്മിച്ച വീടുകളുടെ പുനരുദ്ധാരണവും ഇരട്ട വീടുകൾ ഒറ്റ വീട് ആക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഒരു നിർവ്വഹണ ഏജൻസിയായി കണക്കാക്കി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260/- രൂപ 154 ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിക്കുന്നതിനായി നല്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയിലൂടെ 400 ച.ടി. വീട് നിർമ്മിക്കുന്നതിന് 4 ഗഡുക്കളായി ആകെ 4 ലക്ഷം രൂപ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഗുണഭോക്താക്കൾക്ക് നല്കുന്നു. വിവിധ ജില്ലകളിലായി ടി പദ്ധതിയിലേക്ക് |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട 154 ഗുണഭോക്താക്കളിൽ നിന്ന് നിലവിൽ 109 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.<br><br><u>2. എം. എൻ. നവയുഗം പദ്ധതി, എം. എൻ. സുവർണ്ണ ഭവനം പദ്ധതി</u><br><br>കാലപ്പഴക്കം മൂലം നിലവിൽ ശോചനീയാവസ്ഥയിലുള്ള ലക്ഷം വീടുകൾ എം. എൻ. സുവർണ്ണ ഭവനം, എം. എൻ. നവയുഗം എന്നീ പദ്ധതികളിലൂടെ പുനർനിർമ്മിക്കുന്നതിനു 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുകയും ഭരണാനുമതി നല്കുകയും ചെയ്തു. 25.01.2025 തീയതിയിലെ സ. ഉ. (സാധാ) നം.2/2025/HSG നമ്പർ ഉത്തരവ് പ്രകാരം പദ്ധതി തുക 700 ലക്ഷം രൂപ, 100 ലക്ഷം രൂപയായി പുനക്രമീകരിച്ചു ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് നല്കിയിട്ടുണ്ട്. ടി രണ്ട് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ